**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3523** **27-06-2024 - ൽ മറുപടിയ്ക്ക്**

**കാർഷിക ഉല്പന്നങ്ങൾക്ക് വിശാലമായ വിപണി ഉറപ്പാക്കാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ,<br>ശ്രീ. ജോബ് മൈക്കിൾ,<br>ശ്രീ. പ്രമോദ് നാരായൺ,<br>ഡോ. എൻ. ജയരാജ്** | | **ശ്രീ. പി. പ്രസാദ്<br>(കൃഷി വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്തെ കാർഷിക ഉല്പന്നങ്ങൾക്ക് വിശാലമായ വിപണി ഉറപ്പാക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കാമോ; | (എ) | സംസ്ഥാനത്തെ കാർഷിക ഉൽപ്പന്നങ്ങൾക്ക് വിപണി ഉറപ്പാക്കുന്നത്തിന്റെ ഭാഗമായി വി.എഫ്.പി.സി.കെ.-യുടെ 295 വിപണികൾ, 47 സസ്യ ഔട്ട്ലെറ്റുകൾ, 3തളിർ ഗ്രീൻ ഔട്ട്ലെറ്റ്, 2 തളിർ സൂപ്പർമാർക്കറ്റുകൾ, ഹോർട്ടികോർപ്പിന്റെ 16 സംഭരണ കേന്ദ്രങ്ങൾ, 78 സ്വന്തം സ്റ്റാളുകൾ, 192 ലൈസൻസി സ്റ്റാളുകൾ, 24 മൊബൈൽ യൂണിറ്റുകൾ, കൃഷി വകുപ്പിന്റെ സംസ്ഥാനത്തെ ആറ് കാർഷിക മൊത്ത വ്യാപാര വിപണികൾ, വിവിധ പദ്ധതികൾ പ്രകാരം സ്ഥാപിച്ചിട്ടുള്ള ബ്ലോക്ക് ലെവൽ ഫെഡറേറ്റഡ് ക്ലസ്റ്ററുകൾ, ഇക്കോഷോപ്പുകൾ, എ ഗ്രേഡ് ക്ലസ്റ്റർ മാർക്കറ്റുകൾ, ആഴ്ച ചന്തകൾ, നഗര വഴിയോരച്ചന്തകൾ, ഗ്രാമച്ചന്തകൾ, പ്രീമിയം ഔട്ട് ലെറ്റുകൾ തുടങ്ങിയവ ഉൾപ്പെടുന്ന വിപുലമായ ഒരു മാർക്കറ്റ് ശൃംഖല പ്രവർത്തന സജ്ജമാക്കുകയും, ഉൽപ്പാദന കേന്ദ്രങ്ങളിൽ കർഷകർ ഉത്പാദിപ്പിക്കുന്ന പഴം, പച്ചക്കറികൾ എന്നിവ കർഷകരിൽ നിന്ന് നേരിട്ട് സംഭരിക്കുന്നതിനും, നഗര കേന്ദ്രങ്ങൾ ഉൾപ്പടെ ഉൽപ്പന്നങ്ങൾ ദുർലഭമായ പ്രദേശങ്ങളിലെ ഉണഭോക്താക്കൾക്ക് മിതമായ നിരക്കിൽ വിപണനം നടത്തുന്നതിനുമുള്ള സംവിധാനം ഒരുക്കിയിട്ടുണ്ട്.<br><br>സംസ്ഥാനത്തെ കാർഷിക ഉത്പന്നങ്ങൾക്കും, അതിൽ നിന്നുണ്ടാകുന്ന മൂല്യവർദ്ധിത ഉത്പന്നങ്ങൾക്കും ഒരു ഏകീകൃത ബ്രാൻഡ് നൽകുന്നതിനും, അത് വഴി കേരളത്തിലെ ഉൽപ്പന്നങ്ങൾക്ക് രാജ്യവ്യാപകമായി വിപണി കണ്ടെത്തുന്നതിനും, കൂടുതൽ ഉപഭോക്താക്കളിലേക്ക് എത്തിക്കുന്നതിനും ലക്ഷ്യമിട്ട് "കേരളഗ്രോ” എന്ന പേരിൽ ഒരു ട്രേഡ് മാർക് രജിസ്റ്റർ ചെയ്യുന്ന നടപടി അന്തിമ ഘട്ടത്തിലാണ്. |

| | | | |
|---|---|---|---|
| | | | ഇത്തരത്തിൽ ബ്രാൻഡ് ചെയ്യപ്പെടുന്ന ഉൽപ്പന്നങ്ങൾ നിലവിലുള്ള മാർക്കറ്റ് ശൃംഖല വഴിയും, പുതുതായി ആരംഭിക്കുന്ന കേരളഗ്രോ ബ്രാൻഡഡ് ഷോപ്പുകൾ, ഫാം പ്ലാൻ റീറ്റെയ്ൽ ഔട്ട് ലെറ്റുകൾ വഴി നേരിട്ടും, താല്പര്യമുള്ള സംരംഭകർക്ക് ഓൺ ലൈൻ പ്ലാറ്റ്ഫോമിലൂടെയും ഉണഭോക്താക്കൾക്ക് വിപണനം നടത്തുന്നതിനുള്ള സംവിധാനം ഒരുക്കിയിട്ടുണ്ട്. കാർഷിക മേഖലയിലെ മൂല്യവർദ്ധനവും ഗുണമേന്മയുള്ള ഉൽപ്പന്നങ്ങളുടെ വിപണനവും ലക്ഷ്യമിട്ട് കേരള അഗ്രോ ബിസിനസ് കമ്പനി (കാബ്കോ)യും രൂപീകരിച്ചിട്ടുണ്ട്. കർഷകർ, കൃഷിക്കൂട്ടങ്ങൾ, കർഷകസംഘങ്ങൾ, ഫാർമർ പ്രൊഡ്യൂസർ ഓർഗനൈസേഷനുകൾ എന്നിവയുടെ പ്രവർത്തനങ്ങൾ ഏകോപിപ്പിച്ച് കർഷകർക്ക് ഉയർന്ന വരുമാനം ഉറപ്പാക്കുവാനും മൂല്യ വർദ്ധനവും, സംസ്കരണവും വഴിയുണ്ടാക്കുന്ന കാർഷികോൽപ്പന്നങ്ങൾ കയറ്റുമതി ചെയ്യാൻ കഴിയുന്ന ദേശീയ അന്തർ ദേശിയ തലത്തിലുള്ള വിപണികൾ കണ്ടെത്തുന്നതിനും കാബ്കോയിലൂടെ സാധ്യമാകുന്നു. |
| (ബി) | തായ്‌ലൻഡ് മാതൃകയിൽ, സീസണലായി ലഭ്യമാകുന്ന കാർഷിക ഉല്പന്നങ്ങൾ ഉണക്കി സൂക്ഷിച്ച്, വർഷം മുഴുവൻ ഉപയോഗിക്കത്തക്ക വിധത്തിൽ മാറ്റുന്നതിന് നടപടി സ്വീകരിക്കുമോ; പ്രസ്തുത വിഷയത്തിന്മേൽ പഠനം നടത്താമോയെന്ന് വ്യക്തമാക്കുമോ; | (ബി) | പരിശോധിക്കുന്നതാണ്. |
| (സി) | ഒരു നിശ്ചിത പ്രദേശത്ത് സുലഭമായ ഉല്പന്നങ്ങൾ ദുർലഭമായ പ്രദേശങ്ങളിൽ എത്തിച്ച് അവയ്ക്ക് വിശാലമായ വിപണന സാധ്യത കണ്ടെത്തുവാൻ നടപടി സ്വീകരിക്കാമോ; | (സി) | സ്വീകരിച്ചിട്ടുണ്ട്. |
| (ഡി) | ഗ്രാമീണ കർഷകരിൽ നിന്ന് ശേഖരിക്കുന്ന ഉല്പന്നങ്ങൾ വിദൂര വിപണന കേന്ദ്രങ്ങളിലെത്തിക്കുന്നതിനായി പെരിഷബിൾ കാർഗോ സിസ്റ്റം തടസ്സരഹിതമായി ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കാമോ? | (ഡി) | കർഷകരിൽ നിന്ന് ശേഖരിക്കുന്ന ഉൽപ്പന്നങ്ങൾ വിദൂര വിപണന കേന്ദ്രങ്ങളിൽ എത്തിക്കുന്നതിനായി പെരിഷബിൾ കാർഗോ സിസ്റ്റം നടപ്പിലാക്കുന്നതിന്റെ ഭാഗമായി ഹോർട്ടികോർപ്പിനായി ഒരു കോൾഡ് ചെയിൻ പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്. ടി പദ്ധതിക്കായി 2024-25 വർഷത്തിൽ 100 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ